● യാത്രാ സംഘം

യാത്രാ ചരിത്രത്തിൽ പുതിയ ഏടുകൾ രചിച്ച് പിണറായി വെസ്റ്റിലെ സി. മാധവൻ സ്മാരക വായനശാല

■ എൻ പ്രശാന്ത്
പിണറായി

യാത്രകളോടൊപ്പം സൗഹൃദവും വളർത്തി യാത്ര ചരിത്രത്തിൽ പുതിയ ഏടുകൾ രചിക്കുകയാണ് പിണറായി വെസ്റ്റിലെ സി.മാധവൻ സ്മാരക വായനശാല. ഇക്കഴിഞ്ഞ ദിവസം ആനവണ്ടിയിൽ നടത്തിയ ഗവി യാത്രയോടെ 30യാത്രകൾ പൂർത്തീകരിക്കുകയാണ് വായനശാല. പതിനഞ്ച് വർഷങ്ങൾക്കു മുമ്പ് സായന്തനത്തിൽ ഒരു സ്നേഹ സ്പർശം എന്ന പരിപാടിയുടെ ഭാഗമായി നാട്ടിലുള്ള വാഹനങ്ങളിലായി പടന്നക്കര പാർക്കിലേക്ക് നടത്തിയ ആദ്യ യാത്രയിൽ നിന്ന് 30 യാത്രകളിലേക്ക് വളരുകയായിരുന്നു ഇവരുടെ യാത്ര പ്രേമം.

ഇതിനകം താജ് മഹൽ അടക്കം ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ യാത്ര നടത്തിയ സംഘത്തിന്റെ കണ്ണൂരിൽ നിന്നും കൊച്ചിയിലേക്കുള്ള ആദ്യ വിമാനയാത്രയും മലേഷ്യയിലേക്കുള്ള യാത്രയും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.ഗൾഫ് യാത്രക്ക് തയ്യാറെടുക്കുന്ന ഘട്ടത്തിൽ പശ്ചിമേഷ്യയിൽ ഉണ്ടായ യുദ്ധ ഭീഷണിയെതുടർന്ന് ആ യാത്ര മാറ്റിവെക്കുകയാണുണ്ടായത്. വയോജനങ്ങൾ അടക്കം 33 പേരടങ്ങിയ ഗവി യാത്രാ സംഘം അടവിയിലെ കുട്ട വഞ്ചി യാത്രക്ക് ശേഷം ഗവി പരുന്തുംപാറ, ഒട്ടകത്തലമേട്, രാമക്കൽമേട്, കമ്പം മുന്തിരിത്തോട്ടം എന്നീ സ്ഥലങ്ങളും സന്ദർശിച്ചു.

ഓരോ യാത്രയിലെയും യാത്രാനുഭവങ്ങൾ ചേർത്ത് യാത്രാനുഭവ മാഗസിൻ തയ്യാറാക്കുകയും മികച്ച യാത്ര അനുഭവങ്ങൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.ഗവി യാത്ര കഴിഞ്ഞു വന്നതോടെ അടുത്ത യാത്രയെ കുറിച്ചുള്ള ചർച്ചകളും മുന്നൊരുക്കങ്ങളും ആരംഭിച്ചിരിക്കുകയാണ് യാത്രാ സ്നേഹികളായ ഈ നാട്ടുകാർ.

● എസ്.എസ്.എൽ.സി മികച്ച വിജയം നേടിയ ചൊവ്വ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർഥികൾക്ക് ഹെഡ്മിസ്ട്രസ്സ് ശ്രീജ.പി മധുരം നൽകുന്നു.

മഹിളാമോർച്ച പ്രവർത്തകർ കെ.എസ്.ആർ.ടി.സി ബസിൽ സൗജന്യ യാത്ര നടത്തി

തലശേരി: കേരളത്തിലെ യുഡിഎഫിന് ഭൂരിപക്ഷം ലഭിച്ചാൽ മെയ് 15ന് കെ.എസ്.ആർ.ടി.സി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുമെന്ന കോൺഗ്രസ് നേതൃത്വത്തിന്റെഉപ്പിൽ മഹിളാമോർച്ച പ്രവർത്തകർ കെ.എസ്.ആർ.ടി.സി ബസിൽ സൗജന്യ യാത്ര നടത്തി. തലശേരി പുതിയ ബസ് സ്റ്റാൻഡിൽ നിന്ന് കണ്ണൂരിലേക്ക് പോവുകയായിരുന്ന കെ.എസ്.ആർ.ടി.സി ടൗൺ ടു ടൗൺ ബസിലാണ് പതിനൊന്നോളം മഹിള മോർച്ച പ്രവർത്തകർ ടിക്കറ്റ് എടുക്കാതെയാത്ര ചെയ്തത് യാത്രക്കാർ പിന്നിട് ധർമ്മടം സത്രം സ്റ്റോപ്പിൽ ഇറങ്ങി വനിത പോലിസുകാരും ബസിൽ ഇവരെ അനുഗമിച്ചിരുന്നു.

മഹിള മോർച്ച കണ്ണൂർ സൗത്ത് ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രതിഷേധം സംഘടിപ്പിച്ചത്. മഹിളാ മോർച്ച ജില്ലാ ജനറൽ സെക്രട്ടറി സനിഷ രാഗിൽ, സോന അനിൽകുമാർ, ലീന പ്രദീപ്, ഇ.ആശ, ലസിത പാലക്കൽ എന്നിവർ ഉൾപ്പെട്ട സംഘമാണ് യാത്ര ചെയ്തത്. വരും ദിവസങ്ങളിലും കെ.എസ്.ആർ.ടി.സി ബസുകളിൽ സ്ത്രീകൾ സൗജന്യ യാത്ര നടത്തുമെന്നും എല്ലാ കെ.എസ്.ആർ.ടി.സി ബസുകളിലും സൗജന്യ യാത്ര നടപ്പിലാക്കണമെന്നും യുഡിഎഫ് നേതൃത്വം വാഗ്ദാനം പാലിക്കണമെന്നും മഹിളാമോർച്ച ജില്ലാ പ്രസിഡന്റ് ദിവ്യ ചള്ളത്ത് പറഞ്ഞു.

സേവാ കേന്ദ്രം ഉദ്ഘാടനം 17ന്

പാനൂർ: മേലെ പുക്കോം പന്ന്യന്നൂർ ചന്ദ്രൻ സ്മാരക വായനശാല ഗ്രന്ഥാലയം നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച പന്ന്യന്നൂർ ചന്ദ്രൻ സേവാ കേന്ദ്രം 17 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ഉദ്ഘാടനം ചെയ്യും. കെ. ആർ. കണ്ണൻ ഉദ്ഘാടനകർമ്മം നിർവഹിക്കും. ചടങ്ങിൽ ഉന്നത വിജയികളെയും പ്രമുഖ വ്യക്തികളെയും മികവ് തെളിയിച്ചവരെയും ആദരിക്കും.

കെ.വി.വി.ഇ.എസ് പയ്യാവൂർ യൂണിറ്റ് വാർഷികവും ഭരണസമിതി തെരഞ്ഞെടുപ്പും നടത്തി

പയ്യാവൂർ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) പയ്യാവൂർ യൂണിറ്റ് വാർഷിക ജനറൽബോഡിയും 2026–28 വർഷത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പും പയ്യാവൂർ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. ചടങ്ങിൽ ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് സ്വീകരണവും നൽകി.

കെവിവിഇഎസ് കണ്ണൂർ ജില്ലാ ജനറൽ സെക്രട്ടറി പി. ബാഷിത് പുനത്തിൽ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പിൽ വ്യാപാര സ്ഥാപനങ്ങൾ കത്തിയമർന്നപ്പോൾ ആശ്വസിപ്പിക്കാൻ സംഘടന മാത്രമാണുണ്ടായിരുന്നതെന്നും രാഷ്ട്രീയക്കാർ അന്ന് ഫോട്ടോയെടുക്കാനാണ് മത്സരിച്ച തെന്നും ബാഷിത് പറഞ്ഞു.

ഓൺലൈൻ വ്യാപാരവും വഴിയോരകച്ചവടവും കാരണം അനുദിനം വ്യാപാര മേഖലയെ നശിപ്പിക്കുന്നവർക്കെതിരെ നടപടികൾ ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ദേവസ്യ മേച്ചേരി അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ എം.പി. തിലകൻ മുഖ്യപ്രഭാഷണം നടത്തി. കെ.പി. അയൂബ് ആശ്രയ പദ്ധതി സംബന്ധിച്ച വിശദീകരണം നൽകി. മുതിർന്ന മാധ്യമപ്രവർത്തകനായ തോമസ് അയ്യങ്കാനാൽ, പയ്യാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സിന്ധു ബെന്നി, ത്രിതല പഞ്ചായത്ത് മെമ്പർമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ജില്ലാ വൈസ് പ്രസിഡന്റ് ജോർജ് തോണിയ്ക്കൽ, വർക്കിംഗ് പ്രസിഡന്റ് കെ.സുരേഷ് കുമാർ, മേഖലാ ജനറൽ സെക്രട്ടറി ഷാബി ഈപ്പൻ, ജില്ലാ സെക്രട്ടറി സി.സി. മാമുഹാജി, ബെന്നി പുളിക്കൽ, ബെന്നി കുളങ്ങരാത്ത് എന്നിവർ പ്രസംഗിച്ചു. ജോസുകുട്ടി കുര്യൻ വാർഷിക റിപ്പോർട്ടും കെ.വി. പ്രകാശൻ വരവ്ചെലവ് കണക്കും അബ്ദുൾഖാദർ ഹാജി അനുശോചന പ്രമേയവും പി.വി. രാമചന്ദ്രൻ ജീവകാരുണ്യ പ്രവർത്തനങ്ങളും അവതരിപ്പിച്ചു.

കൊട്ടിയൂർ ഭക്ഷണ വിശ്രമ കേന്ദ്രം ജൂൺ ഒന്നു മുതൽ

കൂത്തുപറമ്പ്: ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് ടെമ്പിൾ കോ.ഓഡിനേഷൻ കമ്മിറ്റിയും, ഐ.ആർ.പി.സിയും സംയുക്തമായി കൊട്ടിയൂർ തീർത്ഥാടകർക്കായി ജൂൺ ഒന്നു മുതൽ ചിറ്റാരിപ്പറമ്പ് പൂവ്വത്തിൻകീഴിൽ ഒരുക്കുന്ന ഭക്ഷണ വിശ്രമ കേന്ദ്രത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് പവിന കാരായി അധ്യക്ഷയായി. ടി. പവിത്രൻ, വി. ബാലൻ, കെ രഘുത്തമൻ, പി ജിനീഷ്, കെ ജയപ്രകാശൻ എന്നിവർ സംസാരിച്ചു. കൺവീനറായി ചന്ദ്രൻ വട്ടോളിയേയും, ചെയർമാനായി എൻ വിജയൻ മാനന്തേരിയേയും തെരഞ്ഞെടുത്തു.

ഇടവലത്ത് കണ്ണൻ ഗുരുക്കൾ സ്മാരക മൈത്രി പുരസ്കാരം പേരൂൽ കുഞ്ഞിരാമൻ ഗുരുക്കൾക്ക്

● പേരൂൽ കുഞ്ഞിരാമൻ ഗുരുക്കൾ

പയ്യന്നൂർ: കോൽക്കളി ആചാര്യനും കേരള സംഗീത നാടക അക്കാദമി, കേരള ഫോക്ക്‌ലോർ അക്കാദമി അവാർഡ് ജേതാവുമായിരുന്ന ഇടവലത്ത് കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 15 ാമത് ഗുരുക്കൾസ്മാരക മൈത്രി പുരസ്കാരം കോൽക്കളി രംഗത്തെ സമർപ്പിത ജീവിതമായ പേരൂൽ കുഞ്ഞിരാമൻ ഗുരുക്കൾക്ക്.

ആറ് പതിറ്റാണ്ടുകളിലധികമായി കോൽക്കളി പരിശീലന അവതരണ രംഗത്ത് നൽകിയ സമഗ്രമായ സംഭാവനകൾ മുൻനിർത്തി കൊണ്ടാണ് പുരസ്കാരം. 10,000 രൂപയും ഫലകവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം. കെ. ശിവകുമാർ, ഡോ. എ കെ വേണുഗോപാലൻ, കെ വി മനോഹരൻ, ഡോ. സി സന്തോഷ് എന്നിവരടങ്ങുന്ന പുരസ്കാര നിർണയ കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്. മൈത്രി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, പയ്യന്നൂർ തെരൂ കുടുംബാംഗങ്ങളുടെ സഹായത്തോടെ ഏർപ്പെടുത്തിയതാണ് പുരസ്കാരം. മെയ് 19 ചൊവ്വാഴ്ച്ച സന്ധ്യയ്ക്ക് 7. 30ന് പയ്യന്നൂർ തെരുവിൽ വെച്ച് നടക്കുന്ന കണ്ണൻ ഗുരുക്കൾ അനുസ്മരണ സമ്മേളനത്തിൽവച്ച് ഫോക് ലാൻഡ് ചെയർമാൻ ഡോ. വി ജയരാജൻ പുരസ്കാരസമർപ്പണം നിർവ്വഹിക്കും.

● കേരള എൻ.ജി.ഒ അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ഡി.സി.സി പ്രസിഡന്റ് അഡ്വ.മാർട്ടിൻ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

സംസ്ഥാന ജീവനക്കാർ അനുഭവിച്ച പ്രയാസങ്ങൾ പരിഹരിക്കും: അഡ്വ മാർട്ടിൻ ജോർജ്

തളിപ്പറമ്പ്: കഴിഞ്ഞ 10 വർഷക്കാലം ജീവനക്കാർ അനുഭവിച്ച പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിന് ഉയർന്ന പരിഗണന ലഭിക്കുമെന്ന് ഡി.സി.സി പ്രസിഡന്റ് അഡ്വ.മാർട്ടിൻ ജോർജ്. കേരള എൻ.ജി.ഒ.അസോസിയേഷന്റെ 51ാം കണ്ണൂർ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യാതൊരു തത്വദീക്ഷയും മര്യാദയും പാലിക്കാതെയാണ് പ്രതിപക്ഷ സർവീസ് സംഘടന ജീവനക്കാരെ സ്ഥലം മാറ്റി പീഡിപ്പിച്ചതെന്നും, അതിനുള്ള പ്രതിഫലനമാണ് യു.ഡി.എഫിന്റെ വലിയ വിജയമെന്നും അദ്ദേഹം പറഞ്ഞു. ഡ്രീം പാലസ് ഓഡിറ്റോറിയത്തിലെ എൻ.പി.ജയകൃഷ്ണൻ നഗറിൽ നടന്ന സമ്മേളനത്തിൽ ജില്ല പ്രസിഡന്റ് കെ.വി. മഹേഷ് അധ്യക്ഷത വഹിച്ചു.

നിയുക്ത എം എൽ.എ വി. കുഞ്ഞികൃഷ്ണൻ, അഷറഫ് മമ്പറം, പി.കെ.സുബൈർ, ശ്രീജ മഠത്തിൽ, ജോർജ് പ്ലാത്തോട്ടം, വിജിൽ മോഹനൻ, എം. സി.അതുൽ, എം.പി.കുഞ്ഞിമൊയ്തീൻ, പി.കെ.സരസ്വതി, വി.ആർ.സുധീർ, ഇ.ടി.രാജീവൻ, നൗഷാദ് ബ്ലാത്തൂർ, അഡ്വ.കെ.വി.അബ്ദുൾ റസാക്ക് എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ മികച്ച വില്ലേജ് ഓഫീസർമാരായി തെരഞ്ഞെടുക്കപ്പെട്ട പി.വി.വിനോദ്, എ. കെ.ആരിഫ്, കെ.പി. രഞ്ജിത് എന്നിവരെ ആദരിച്ചു. പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് എ.എം.ജാഫർഖാനും സംഘടനാ ചർച്ച സംസ്ഥാന ജനറൽ സെക്രട്ടറി എ.പി.സുനിലും ഉദ്ഘാടനം ചെയ്തു.

തളിപ്പറമ്പ് സർവീസ് സഹകരണ ബാങ്കിനെതിരായ ഹരജി തള്ളി

തളിപ്പറമ്പ്: തളിപ്പറമ്പ് സർവീസ് സഹകരണ ബാങ്കിനെതിരെ ബാങ്കിന്റെ ബ്രാഞ്ച് മാനേജരായിരുന്ന വി.പി.ഗോപിനാഥൻ നൽകിയ കേസ് തള്ളി. സഹകരണ ആർബിട്രേഷൻ കോടതിയിൽ 2019 ലാണ് ഗോപിനാഥൻ പരാതി നൽകിയത്.

സഹകരണ ജോ.രജിസ്ട്രാറുടെ ഉത്തരവ് റദ്ദാക്കി തന്നെ സെക്രട്ടെറിയായി നിയമിക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഹരജി. ഫീഡർ കാറ്റഗറി പ്രശ്നങ്ങളുന്നയിച്ചാണ് ഗോപിനാഥൻ പരാതി നൽകിയത്.

ജിഷ മുകുന്ദൻ പ്രിസൈഡിംഗ് ഓഫീസറായ ബെഞ്ചാണ് ഹരജി തള്ളിയത്.ഗോപിനാഥൻ ഉന്നയിച്ച വാദഗതികൾ വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ബാങ്കിനെയും അന്നത്തെ സെക്രട്ടെറിഇൻചാർജിനെയും എതിർകക്ഷികളാക്കി ഗോപിനാഥൻ ഹരജി ഫയൽ ചെയ്തത്.

മെയ്6 നാണ് കോടതി ഇത് സംബന്ധിച്ച വിധി പുറപ്പെടുവിച്ചത്. സെക്രട്ടെറിക്ക് വേണ്ടി അഡ്വ.എം.രമേശൻ ഹാജരായി.

● നിയുക്ത മുഖ്യമന്ത്രി വി.ഡി. സതീശന് അഭിവാദ്യമർപ്പിച്ച് യുഡിഎഫ് പയ്യാവൂർ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ദിരാഭവനിൽ നിന്ന് പയ്യാവൂർ ടൗണിലേക്ക് നടത്തിയ ആഹ്ലാദപ്രകടനം.

ആഹ്ലാദപ്രകടനം നടത്തി

പയ്യാവൂർ: നിയുക്ത മുഖ്യമന്ത്രി വി.ഡി. സതീശന് അഭിവാദ്യമർപ്പിച്ച് യുഡിഎഫ് പയ്യാവൂർ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ദിരാഭവനിൽ നിന്ന് പയ്യാവൂർ ടൗണിലേക്ക് ആഹ്ലാദപ്രകടനം നടത്തി. യുഡിഎഫ് മണ്ഡലം ചെയർമാൻ ഇ.കെ. കുര്യൻ, കൺവീനർ ടെൻസൺ ജോർജ് കണ്ടത്തിൻകര, പഞ്ചായത്ത് പ്രസിഡന്റ് സിന്ധു ബെന്നി, ജോയ് പുന്നശേരിമലയിൽ, ഒകെ. ശ്രീധരൻ, പി.കെ. ബാലകൃഷ്ണൻ, ബേബി മുല്ലക്കരി, ടി.പി. അഷ്റഫ്ജെയിംസ് തുരുത്തേൽ, ജേക്കബ് പനന്താനം, കുര്യാക്കോസ് തെരുവത്ത്, സഷിബു ജാൻസി ഷാജു, വത്സല സാജു, പി.ആർ. സിനി, ഷീജ ജോൺസൺ, മേഴ്സി തുരുത്തേൽ, ജോമോൻ മേക്കാട്ട് ഷാജി പാട്ടശേരി, ജോസഫ് അറയ്ക്കപ്പറമ്പിൽടി.ടി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

എ.ഡി.എസ്.യു സ്റ്റാൻഡ് അപ്പ് ക്യാമ്പ് നടത്തി

പയ്യാവൂർ: ആന്റി ഡ്രഗ്സ് സ്റ്റുഡന്റ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ തലശേരി അതിരൂപതകോർപ്പറേറ്റ് വിദ്യഭ്യാസ ഏജൻസിയുടെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സ്റ്റാൻഡ് അപ്പ് ക്യമ്പ് തലശേരി സന്ദേശ് ഭവൻ ഓഡിറ്റോറിയത്തിൽ നടന്നു.

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ സ്കൂളുകളിൽ നിന്നായി 101 വിദ്യാർത്ഥികൾ പങ്കെടുത്തു. തലശേരി എഎസ്പി ഡോ.എം. നന്ദഗോപാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എഡിഎസ് യു അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ അധ്യക്ഷത വഹിച്ചു.

കനറാ ബാങ്ക് Canara Bank

കണ്ണൂർ മെയിൻ (ക്യാംപ് ബസാർ) ശാഖ
റെയിൽവേ മുത്തപ്പൻ ക്ഷേത്രത്തിന് എതിർവശം, തവക്കര റോഡ്, കണ്ണൂർ – 670001, Mobile-8547857687,
Email: cb0704@canarabank.com

കൈവശ നോട്ടീസ് [സെക്ഷൻ 13(4)] (ജംഗമ വസ്തുക്കൾക്ക്)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള **കനറാ ബാങ്കിന്റെ** അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 സെക്ഷൻ 13 (12) റൂൾ 3 പ്രകാരം വായ്പക്കാർ/സഹവായ്പക്കാർ/ജാമ്യക്കാരായ **ശ്രീ. ബിനിൽ. കെ. സി** S/o. രമേശൻ, ചൈതന്യ മന്ദിൽ, മന്ദിൽ, കണ്ണൂർ, കേരളം - 670602 എന്നിവർക്ക് **കണ്ണൂർ മെയിൻ (ക്യാംപ് ബസാർ) ശാഖ (DP CODE-0704)** ൽ കുടിശ്ശിക തുകയായ **രൂപ 17,81,024.22 (പതിനേഴ് ലക്ഷത്തി എൺപത്തി ഒരായിരത്തി ഇരുപത്തി നാല് രൂപ ഇരുപത്തി രണ്ട് പൈസ)** 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് **25.02.2026** തീയതിയിൽ ഡിമാൻറ് നോട്ടീസ് അയച്ചിരുന്നു.
വായ്പക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) പ്രകാരവും, റൂൾ 8 & 9 പ്രകാരവുമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന വസ്തു ഇന്നേ ദിവസം **2026 മെയ് 14**ന് കൈവശമെടുത്തിരിക്കുന്നതായി വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
ഈ വസ്തുവിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും **കനറാ ബാങ്കിന്** കിട്ടാനുള്ള 24.04.2026 ലെ തുകയായ **രൂപ 18,21,705.08 (പതിനെട്ട് ലക്ഷത്തി ഇരുപത്തി ഒരായിരത്തി എഴുന്നൂറ്റി അഞ്ച് രൂപ എട്ട് പൈസ)**യ്ക്കും പലിശയ്ക്കും മറ്റുള്ള ചെലവുകൾക്കും വിധേയമായിരിക്കും.
ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8)ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ജംഗമ വസ്തുവിന്റെ വിശദവിവരങ്ങൾ:
ശ്രീ. ബിനിൽ. കെ. സി പണയപ്പെടുത്തിയ ജിം ഉപകരണങ്ങളും മറ്റ് ഫർണീച്ചറുകളും ഫീക്സ്ചറുകളും എല്ലാവിധ ജംഗമ വസ്തുക്കളും
സ്ഥലം: കണ്ണൂർ
തീയതി: 14.05.2026
(ഒപ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കനറാ ബാങ്ക്

കേരള ഗ്രാമീണ ബാങ്ക്
Kerala Grameena Bank
Scheduled Bank Owned By Government
ഹെഡ് ഓഫീസ്: മലപ്പുറം, റീജിയണൽ ഓഫീസ്: കണ്ണൂർ-2
കെ. ജി. ബി. ടവേഴ്സ്, മൂന്നാം നില, പള്ളിക്കുന്ന്, കണ്ണൂർ-670004,
മൊബൈൽ: 9400 999 398, ഇ–മെയിൽ: rokn2@kgb.bank.in

സ്ഥാവര വസ്തു കൈവശപ്പെടുത്തൽ നോട്ടീസ്
എന്തെന്നാൽ, സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 (2002 ലെ ആക്ട് 54) പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്റസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 വകുപ്പ് 13 (12) റൂൾ 3 പ്രകാരം സിദ്ധിച്ച അധികാരം ഉപയോഗിച്ച് പണയക്കാരി/വായ്പക്കാരിയായ **(1). ശ്രീ. പ്രശോഭ്. വി**, S/o. നാരായണി, **(2). ശ്രീമതി ഷിന. പി.വി**, D/o. ഹരീന്ദ്രൻ, **(3). ശ്രീമതി നാരായണി. വി**, D/o കണ്ണൻ, എല്ലാവരും താമസം: വലിയപറമ്പത്ത് ഹൗസ്, കണ്ണാട്, കേഴല്ലൂർ. പി.ഒ., കണ്ണൂർ ജില്ല-670612 എന്നിവരിൽ നിന്നും വായ്പ നം. HLG A/c 40115324001224 ൽ ലഭിക്കാനുള്ള **രൂപ 10,00,731.82 (പത്ത് ലക്ഷത്തി എഴുന്നൂറ്റി മുപ്പത്തൊന്ന് രൂപ എൺപത്തിരണ്ട് പൈസ മാത്രം)** (05-01-2026 വരെയുള്ള പലിശ ഉൾപ്പെടെ) നോട്ടീസ് കൈപറ്റി 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **23-01-2026** ന് അയച്ചിരുന്നു.
ടി വായ്പക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) പ്രകാരവും, റൂൾ 8 & 9 പ്രകാരവുമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു ഇന്നേദിവസം **2026 മെയ് 13** ന് കേരള ഗ്രാമീണ ബാങ്കിനു വേണ്ടി കൈവശമെടുത്തിരിക്കുന്നു എന്ന വിവരം ടി വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു.
ഈ വസ്തുവിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പുനൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും **കേരള ഗ്രാമീണ ബാങ്ക്, എടയന്നൂർ ശാഖയ്ക്ക്** വായ്പ നം. HLG A/c 40115324001224 ൽ ലഭിക്കാനുള്ള **രൂപ 10,39,979.82 (പത്ത് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തൊൻപത് രൂപ എൺപത്തിരണ്ട് പൈസ മാത്രം)** യ്ക്കും പലിശയ്ക്കും മറ്റു ചെലവുകൾക്കും വിധേയമായിരിക്കും.
സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പക്കാർക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം
കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, കീഴല്ലൂർ വില്ലേജിൽ, ശ്രീ. പ്രശോഭ്. വി പേരിലുള്ള റീ സർവേ നം. 95/123 ൽ പെട്ട 0.0260 ഹെക്ടർ സ്ഥലവും ആയതിലെ മറ്റു കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്** ഷൈലജ വക വസ്തു; **കിഴക്ക്** പറമ്പൻ നാരായണി വക വസ്തു; **തെക്ക്** പ്രേമൻ വക വസ്തു; **പടിഞ്ഞാറ്** പഞ്ചായത്ത് റോഡ്.
തീയതി : 13-05-2026,
സ്ഥലം : കണ്ണൂർ.
ഒപ്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കേരള ഗ്രാമീണ ബാങ്ക്.

ഇന്ത്യൻ ബാങ്ക് Indian Bank അലഹബാദ് ALLAHABAD

സോണൽ ഓഫീസ്, കോഴിക്കോട്
ഗ്രൗണ്ട് ഫ്ലോർ, ഡോ.SB's ഡെന്റിസ്ട്രി & ഓർത്തോഡോണ്ടിക്സ് ക്ലിനിക്ക് ബിൽഡിംഗ്, കണ്ണൂർ റോഡ്, വെസ്റ്റ് നടക്കാവ്, കോഴിക്കോട് - 673011

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 2002 ലെ റൂൾ 6(2) & 8(6)/9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപന നോട്ടീസ്.
ഇൻഡ്യൻ ബ